# കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി

## *പൗരാവകാശ രേഖ*

### ആമുഖം

ദൃശ്യമാധ്യമങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന്, തിരുകൊച്ചി ലിറ്ററസി സയന്റിഫിക്ക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് 1955 പ്രകാരം സംസ്ഥാന സർക്കാർ 1998 ൽ സ്ഥാപിച്ചതാണ് ചലച്ചിത്ര അക്കാദമി. സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ മുഖ്യവരുമാനം സർക്കാർ ഗ്രാന്റാണ്.

1998 ജൂൺ മാസത്തിലാണ് സംസ്ഥാന ചലച്ചിത്ര അക്കാദമി പ്രവർത്തനം ആരംഭിച്ചത്. ഇന്ത്യയിൽ ആദ്യമായിട്ടാണ് സംസ്ഥാന സർക്കാരിന്റെ കീഴിൽ മലയാള ചലച്ചിത്ര-ടെലിവിഷൻ മാധ്യമങ്ങളുടെ വളർച്ചയ്ക്കും വികസനത്തിനും പരിപോഷണത്തിനുമായിട്ട് ഒരു അക്കാദമി സ്ഥാപിതമാകുന്നത്. ചലച്ചിത്രമേഖലയുടെ സമഗ്രവും, സാങ്കേതികബൗദ്ധിക മേഖലകളുടെ പ്രത്യേകിച്ചും സമഗ്രവികസനം ലക്ഷ്യമാക്കിയാണ് സംസ്ഥാന സർക്കാരിന്റെ സാംസ്കാരിക വകുപ്പിനു കീഴിൽ ചലച്ചിത്ര അക്കാദമി പ്രവർത്തനം ആരംഭിക്കുന്നത്.

### *ഉദ്ദേശങ്ങൾ*

ചലച്ചിത്ര ടെലിവിഷൻ മാധ്യമ സംബന്ധമായ നയരൂപീകരണത്തിന് സംസ്ഥാന സർക്കാരിനെ സഹായിക്കുക, ഫിലിം ഫെസ്റ്റിവൽ ഡയറക്ട്രേറ്റ് രൂപീകരിക്കുക, സംസ്ഥാന ചലച്ചിത്ര ടെലിവിഷൻ അവാർഡുകളുടെ നിർണ്ണയവും വിതരണവും എല്ലാ വർഷവും സംഘടിപ്പിക്കുക, ദേശീയ, അന്തർദേശീയ ചലച്ചിത്ര മേളകൾ സംഘടിപ്പിക്കുക, ദൃശ്യ ശ്രാവ്യ ലൈബ്രറി രൂപീകരിക്കുക, ഉന്നതനിലവാരമുള്ള ചലച്ചിത്ര ടെലിവിഷൻ സംരംഭങ്ങളെ സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുക, ഫിലിം സൊസൈറ്റികളെ പ്രോത്സാഹിപ്പിക്കുക, സിനിമ സംബന്ധിച്ച കോഴ്സുകളും ഗവേഷണ സൗകര്യങ്ങളും ഏർപ്പെടുത്തുക തുടങ്ങി സിനിമ ടെലിവിഷൻ സംരംഭങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടാണ് അക്കാദമി പ്രവർത്തിക്കുന്നത്.

മലയാള സിനിമ സംബന്ധിച്ച കൃതികളും പ്രസിദ്ധീകരിച്ചു വരുന്നു. അക്കാദമി സംഘടിപ്പിക്കുന്ന ഇന്റർ നാഷണൽ ഫിലിം ഫെസ്റ്റിവൽ കേരളം ഇന്ന് ലോകത്തിന്റെ മുഴുവൻ ശ്രദ്ധയും പിടിച്ചു പറ്റിയിരിക്കുന്നു. നാഷണൽ ഫിലിം ഫെസ്റ്റിവൽ, ചലച്ചിത്ര ആസ്വാദന ക്യാമ്പുകൾ, കുട്ടികൾക്കായുള്ള ദൃശ്യ ശ്രാവ്യ ശിബിരങ്ങൾ, ടൂറിംഗ് ടാക്കീസ്, ഫെലോഷിപ്പ് സ്കോളർഷിപ്പ് പരിപാടികൾ, സിനികലാകാര പെൻഷൻ പദ്ധതി എന്നിവ വളരെയേറെ ശ്രദ്ധേയമാണ്.

ബഹു.സാംസ്കാരിക വകുപ്പു മന്ത്രിയുടെ മാർഗ്ഗദർശനവും, സാംസ്കാരിക വകുപ്പിന്റെ പിന്തുണയും, അക്കാദമി ഭരണ സമിതിയുടെ സഹകരണവും, ജീവനക്കാരുടെയും ഓരോ പ്രോജക്ടുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടേയും കൂട്ടായ പ്രവർത്തനവുമാണ് ചലച്ചിത്ര അക്കാദമിയെ ഇന്ന് സംസ്ഥാനത്തെ മികച്ച സാംസ്കാരിക സ്ഥാപനമാക്കി മാറ്റിയതിനു പിന്നിൽ.

## *കമ്മിറ്റികൾ*

അക്കാദമിയുടെ പ്രവർത്തനങ്ങൾ ജനറൽ കൗൺസിൽ, എക്സിക്യൂട്ടീവ് കമ്മിറ്റി, ഫിനാൻസ് കമ്മിറ്റി എന്നിവരുടെ അംഗീകാരത്തിന് വിധേയമായിട്ടാണ് നടപ്പിലാക്കുന്നത്. കമ്മിറ്റിയുടെ കാലാവധി 5 വർഷമാണ്.

***കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ മെമ്മോറാം ഓഫ് അസോസിയേഷൻ പ്രകാരമുള്ള ഉദ്ദേശങ്ങളും മുഖ്യപ്രവർത്തനങ്ങളും താഴെ പറയുന്നവയാണ്.***

1. ചലച്ചിത്രടെലിവിഷൻ മാധ്യമ സംബന്ധിയായ നയരൂപീകരണത്തിന് സംസ്ഥാന സർക്കാരിനെ സഹായിക്കുക.
2. ചലച്ചിത്ര വീഡിയോ ആർക്കൈവ്സ് രൂപീകരിക്കുകയും ദൃശ്യശ്രാവ്യ ഗ്രന്ഥാലയം സ്ഥാപിക്കുകയും ചെയ്യുക.
3. ഫിലിം ഫെസ്റ്റിവൽ ഡയറക്ടറേറ്റ് രൂപീകരിക്കുക. അന്തർദേശീയ  ദേശീയ ചലച്ചിത്ര മേളകൾ സംഘടിപ്പിക്കുക.
4. സംസ്ഥാന ചലച്ചിത്രടെലിവിഷൻ അവാർഡുകളുടെ നിർണ്ണയം, വിതരണം എന്നിവ ഉറപ്പാക്കുക.
5. പൊതുജനങ്ങളുടെ ആവശ്യത്തിനായി ദൃശ്യശ്രവ്യ ലൈബ്രറി രൂപീകരിക്കുക. പ്രൊജക്ഷൻ സൗകര്യങ്ങൾ തിയേറ്ററടക്കം സജ്ജീകരിക്കുക.
6. ചലച്ചിത്ര വ്യവസായത്തിനും സർക്കാരിനുമിടയിൽ മധ്യവർത്തിയായി പ്രവർത്തിക്കുക.
7. സൗന്ദര്യ ശാസ്ത്രപരമായും സാമൂഹികമായും ഉന്നത നിലവാരം പുലർത്തുന്ന ചലച്ചിത്ര ടെലിവിഷൻ സംരംഭങ്ങളെ സാമ്പത്തിക സഹായം ഉൾപ്പെടെ നൽകി പ്രോത്സാഹിപ്പിക്കുക.
8. നല്ല കലാമൂല്യമുള്ള സിനിമകളെ അന്തർദേശീയ തലത്തിൽ പ്രൊമോട്ട് ചെയ്യുക. ലോകത്തെ ഫിലിം ഫെസ്റ്റിവലുകളിൽ മലയാള സിനിമകൾക്ക് പ്രദർശന സൗകര്യവും മാർക്കറ്റിംഗ് സൗകര്യവും ഒരുക്കുക. അന്തർദേശീയ തലത്തിലുള്ള ചലച്ചിത്രകാരന്മാർ, സാങ്കേതിക വിദഗ്ധർ, എഴുത്തുകാർ എന്നിവരുമായുള്ള സഹകരണത്തിന് മലയാള സിനിമാ പ്രവർത്തകർക്ക് സൗകര്യമൊരുക്കുക.
9. 1. സംസ്ഥാന ചലച്ചിത്രടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപനം

   2. സർക്കാരിന്റെ ടെലിവിഷൻ ചാനൽ സ്ഥാപനം സംബന്ധിച്ച് സർക്കാരിന് മാർഗ്ഗനിർദ്ദേശം നൽകുകയും നടപ്പാക്കുകയും ചെയ്യുക.
10. ചലച്ചിത്രടെലിവിഷൻ സംബന്ധിയായ പ്രത്യേക പ്രവർത്തനങ്ങൾ ഗടഎഉഇ, ഇഉശേ എന്നിവയുടെ സഹകരണത്തോടെ ആവശ്യമായ സമയത്ത് നടപ്പാക്കുക.
11. കുട്ടികളുടെ ചലച്ചിത്രങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവ സ്കൂളുകളിൽ പ്രദർശിപ്പി ക്കുന്നതിനുവേ സംവിധാനങ്ങളൊരുക്കുകയും ചെയ്യുക.
12. മലയാള സിനിമാ ചരിത്ര സംബന്ധികളായ വിവരങ്ങൾ സംയോജിപ്പിക്കുക.
13. ചലച്ചിത്രാസ്വാദന കോഴ്സുകൾ സംഘടിപ്പിക്കുക.
14. സിനിമാ സംബന്ധിയായ ഗവേഷണങ്ങൾക്കും മറ്റും സൗകര്യങ്ങൾ ഒരുക്കുക.

15. സിനിമ, ടെലിവിഷൻ സംബന്ധമായ പുസ്തകങ്ങളും ജേർണലുകളും പ്രസിദ്ധീകരിക്കുക.

16. ധനസഹായം ഉൾപ്പെടെ നൽകി ഫിലിം സൊസൈറ്റി പ്രസ്ഥാനത്തെ ഉജ്ജീവിപ്പിക്കുക.

17. സിനിമ, ടെലിവിഷൻ, മറ്റു കലകൾ സംബന്ധമായ സെമിനാറുകളും, മീറ്റിംഗുകളും, പ്രഭാഷണങ്ങളും, സിംപോസിയങ്ങളും സംഘടിപ്പിക്കുക.

18. സംസ്ഥാനത്തും രാജ്യത്തുമുള്ള പ്രമുഖ ചലച്ചിത്ര പ്രതിഭകളെ ആദരിക്കുക.

19. മലയാള ചലച്ചിത്രങ്ങൾക്കുള്ള ധനസഹായ പദ്ധതി നടപ്പാക്കുക തുടങ്ങിയവ

20. കാലാകാലങ്ങളിൽ സർക്കാരിന്റെ സിനിമാ സംബന്ധിയായ നയങ്ങളും നിർദ്ദേശങ്ങളും നടപ്പിലാക്കുക തുടങ്ങിയവ.

## *അക്കാദമിയുടെ പ്രവർത്തനങ്ങൾ*

### ***സംസ്ഥാന ചലച്ചിത്ര-ടെലിവിഷൻ അവാർഡു നിർണ്ണയവും വിതരണവും***

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി പ്രവർത്തനം ആരംഭിച്ചതോടെ സംസ്ഥാന ചലച്ചിത്ര - ടെലിവിഷൻ അവാർഡുകളുടെ വിതരണം അക്കാദമി ഏറ്റെടുത്തു. 1997 മുതൽ 2006 വരെ വർഷങ്ങളിലെ ചലച്ചിത്ര അവാർഡുകൾ വിതരണം ചെയ്തു കഴിഞ്ഞു. 1996 മുതൽ 2006 വരെ വർഷങ്ങളിലെ ടെലിവിഷൻ അവാർഡുകളുടെ വിതരണവും പൂർത്തിയാക്കി. അവാർഡ് വിതരണത്തോടനുബന്ധിച്ച് ജേതാക്കൾ, ജൂറി, മത്സരിച്ച ചിത്രങ്ങൾ, ജൂറി വിലയിരുത്തൽ തുടങ്ങിയ വിവരങ്ങൾ അടങ്ങിയ അവാർഡു പതിപ്പ് അക്കാദമി പ്രസിദ്ധീകരിച്ചു വരുന്നു.

ചലച്ചിത്ര - ടെലിവിഷൻ അവാർഡുകളുമായി ബന്ധപ്പെട്ട നിയമാവലി ഇതോടൊപ്പം ചേർക്കുന്നു.

### ***കേരളത്തിന്റെ അന്തർദ്ദേശീയ ചലച്ചിത്രോത്സവം***

സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ 1994 മുതൽ പന്ത്രണ്ട് അന്തർദ്ദേശീയ ചലച്ചിത്രോത്സവങ്ങൾ കേരളത്തിൽ സംഘടിപ്പിച്ചു. ഇതിൽ 1999-ൽ (നാലാമത്തേത്) ചലച്ചിത്രോത്സവം എറണാകുളത്തും, 2000ൽ (അഞ്ചാമത്തേത്) കോഴിക്കോട്ടും, തുടർന്നുള്ള വർഷങ്ങളിലെ ചലച്ചിത്രോത്സവങ്ങൾ തിരുവനന്തപുരത്തും സംസ്ഥാന ചലച്ചിത്ര അക്കാദമി വിജയകരമായി സംഘടിപ്പിച്ചു. ഈ ചലച്ചിത്രോത്സവങ്ങൾ ഇതിനോടകം ദേശീയഅന്തർദ്ദേശീയ പ്രശംസ പിടിച്ചുപറ്റിക്കഴിഞ്ഞു. ഈ ചലച്ചിത്രോത്സവത്തിന് ഫിയാഫിന്റെ (ഫെഡറേഷൻ ഓഫ് ഇന്റനാഷണൽ ഫിലിം പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ) രാജ്യാന്തര അംഗീകാരം ലഭിച്ചിട്ടു്. അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തോടനുബന്ധിച്ച് ഏഷ്യ, ആഫ്രിക്ക, ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ നിന്നുള്ള കഥാചിത്രങ്ങളുടെ മത്സരവിഭാഗവും ഏർപ്പെടുത്തിയിട്ടു്. ശില്പം, സർട്ടിഫിക്കറ്റ് എന്നിവയ്ക്കു പുറമെ ഏറ്റവും നല്ല ചിത്രത്തിന് പത്തുലക്ഷവും ഏറ്റവും നല്ല സംവിധായകന് മൂന്നുലക്ഷവും, സിനിമയിലെ ഏതെങ്കിലും ഘടകത്തിൽ മികവു പുലർത്തിയതിനുള്ള പ്രത്യേക അവാർഡായി ഒരുലക്ഷവും, പ്രേക്ഷകർ തെരഞ്ഞെടുക്കുന്ന മത്സരവിഭാഗത്തിലെ ഏറ്റവും നല്ല ചിത്രത്തിന് ഒരു ലക്ഷവും രൂപ ക്രമത്തിൽ ക്യാഷ് അവാർഡുകളും ഈ മേളയോടനുബന്ധിച്ച് വിതരണം ചെയ്യുന്നു. ഇതിനുപുറമേ ലോക സിനിമാ നിരൂപക സംഘടനയായ ഫ്രിപ്രസിയുടെ അവാർഡും, നെറ്റ്പാക്ക് അവാർഡും മേളയോടനുബന്ധിച്ച് ഏർപ്പെടുത്തിയിട്ടു്. കൂടാതെ മികച്ച നവാഗത സംവിധായകനും 2003 മുതൽ അവാർഡ് ഏർപ്പെടുത്തി. ഇന്ത്യയിലും വിദേശത്തുമുള്ള പ്രഗത്ഭ ചലച്ചിത്ര പ്രവർത്തകരുടെ സംഗമ വേദിയായി ഇതിനോടകം നമ്മുടെ ചലച്ചിത്രമേള മാറിക്കഴിഞ്ഞു. ഇന്ത്യൻ സിനിമകൾക്ക് - മുഖ്യമായും മലയാളം സിനിമകൾക്ക് അന്തർദേശീയ വിപണി കണ്ടെത്തുന്നതിനും ഈ ചലച്ചിത്രോത്സവം

സഹായകമാകുന്നു. ഇതിനോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന ചർച്ചകൾ, സെമിനാറുകൾ, ക്ലാ ുകൾ, പ്രസിദ്ധീകരണങ്ങൾ. ഫെസ്റ്റിവൽബുക്ക് (ഇൻഫർമേഷൻ ബ്രോഷർ, ഡെയ്ലി ബുള്ളറ്റിൻ) തുടങ്ങിയവയെല്ലാം സിനിമയെ സഗൗരവം സമീപിക്കുന്ന പ്രേക്ഷകന് മുതൽക്കൂട്ടായി മാറുന്നു. പത്താമത് അന്തർദേശീയ ചലച്ചിത്ര മേളയുടെ ഭാഗമായി ഇദംപ്രഥമമായി ഒരു സ്ക്രിപ്റ്റ് മാർക്കറ്റിംഗ് വർക്ക്ഷോപ്പും സംഘടിപ്പിച്ചു. ഏറ്റവും നല്ല അഞ്ച് സ്ക്രിപ്റ്റുകൾ തിരഞ്ഞെടുത്ത് അന്താരാഷ്ട്ര സഹായത്തോടെ സിനിമയാക്കുക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം.

*സിനിമാ പ്രദർശനങ്ങൾ*

ഫിലിം സൊസൈറ്റികളുടെ വളർച്ചയിൽ അത്ഭുതകരമായ വിജയം ക സംസ്ഥാനങ്ങളിലൊന്നാണ് കേരളം. പുതിയ ഫിലിം സൊസൈറ്റികൾ സ്ഥാപിക്കുക, നിലവിലുള്ളവയുടെ പ്രവർത്തനം വിപുലമാക്കുക, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലും ഫിലിം സൊസൈറ്റി രൂപീകരിക്കുകയും ഇതു വഴി പുതിയ ചലച്ചിത്ര സംസ്കാരം വളർത്തിയെടുക്കുകയും ജനങ്ങളുടെ കൂട്ടായ്മയ്ക്കും പങ്കാളിത്തത്തിനും കാരണമാവുകയും ചെയ്യുക എന്നത് അക്കാദമിയുടെ മുഖ്യലക്ഷ്യങ്ങളാണ്. ഇരുന്നൂറിലധികം സൊസൈറ്റികൾ ഇപ്പോൾ അക്കാദമിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. വിശ്വോത്തര സംവിധായകരുടെ സിനിമകൾ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ സൊസൈറ്റികളുടെ സഹകരണത്തോടെ അക്കാദമി പ്രദർശിപ്പിച്ചിട്ടു്. ലോക സിനിമ ജനങ്ങളിലേയ്ക്ക് എന്ന ആശയം മുൻനിർത്തി ആയിരത്തിൽപ്പരം പ്രദർശനങ്ങൾ നടത്തിക്കഴിഞ്ഞു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഫിലിം സൊസൈറ്റികൾ അക്കാദമിയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലാണ് ഏറ്റവും കൂടുതൽ സൊസൈറ്റികൾ പ്രവർത്തിക്കുന്നത്. സൊസൈറ്റി പ്രവർത്തനം 14 ജില്ലകളിലും വ്യാപിപ്പിച്ചു കഴിഞ്ഞു.

കൂടാതെ, സർവ്വകലാശാലകൾ, കോളേജുകൾ, സ്കൂളുകൾ, സാംസ്കാരിക രാഷ്ട്രീയ തൊഴിലാളി സംഘടനകൾ, സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കായും അക്കാദമി പ്രദർശനങ്ങൾ നടത്താറു്. ഫിലിം സൊസൈറ്റികൾക്കുള്ള പ്രവർത്തന ഗ്രാന്റ് എഫ്.എഫ്.എസ്.ഐ. മുഖേന അക്കാദമി വിതരണം ചെയ്തുവരുന്നു. കൂടാതെ എഫ്.എഫ്.എസ്.ഐ. പ്രവർത്തനങ്ങൾക്കും ധനസഹായം നൽകുന്നു്.

2003-ൽ അക്കാദമി ഡ്ടൂറിംഗ് ടാക്കീസ്ത്സ എന്ന പേരിൽ ഏർപ്പെടുത്തിയിരിക്കുന്ന സഞ്ചരിക്കുന്ന ചലച്ചിത്രമേള ഇതിനകം മുന്നൂറിലധികം കേന്ദ്രങ്ങളിൽ പ്രദർശനം നടത്തിക്കഴിഞ്ഞു. സർവ്വകലാശാലകളുമായി സഹകരിച്ച് നൂറിലധികം കലാലയങ്ങളിൽ ഇത്തരം മേളകൾ സംഘടിപ്പിച്ചു.

*പെൻഷൻ വിതരണം*

അവശതയനുഭവിക്കുന്ന ചലച്ചിത്രകാരന്മാർക്കും അവരുടെ ആശ്രിതർക്കുമുള്ള പെൻഷൻ സംസ്ഥാന ചലച്ചിത്ര അക്കാദമി വിതരണം ചെയ്യുന്നു. തീയേറ്ററുകളിൽ നിന്നും സമാഹരിക്കുന്ന സർവ്വീസ് ചാർജ്ജാണ് ഇതിനായി ഉപയോഗിക്കുന്നത്. പബ്ലിക്ക് റിലേഷൻസ് വകുപ്പാണ് അവശകലാകാര പെൻഷൻ ആവിഷ്ക്കരിച്ച് നടപ്പാക്കിയിരുന്നത്. 2001 – മുതൽ ഇത് ചലച്ചിത്ര അക്കാദമിയെ ഏൽപ്പിച്ചുകൊ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 500 രൂപയായിരുന്ന പ്രതിമാസപെൻഷൻ 2003 അവസാനം മുതൽ 1000 രൂപയായി ഉയർത്തിയിട്ടു്. 304 പേർക്കാണ് അക്കാദമി ഇപ്പോൾ പെൻഷൻ നൽകിവരുന്നത്.

**പെൻഷന് അപേക്ഷിക്കുന്നവർ ശ്രദ്ധിക്കേ കാര്യങ്ങൾ**

**1.** ഈ ചട്ടങ്ങൾ മലയാള സിനിമ ഉപജീവനമാക്കിയിട്ടുള്ള സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ഏതൊരു കലാകാരനും അവരുടെ ആശ്രിതർക്കും ബാധകമാണ്.

**2.** മലയാള സിനിമ വ്യവസായവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച ഇന്ത്യൻ പൗരനായ ഏതൊരു കലാകാരനും സാങ്കേതികജ്ഞനും പെൻഷന് അപേക്ഷിക്കാവുന്നതാണ്.

**3.** താഴെപറയുന്ന വിഭാഗം ആളുകളെ കലാകാരന്മാർ/സാങ്കേതികജ്ഞർ എന്ന നിലയിൽ പ

രിഗണിക്കുന്നതാണ്.

**കലാകാരൻ**

1. നടൻ/നടി/ഡബ്ബിംഗ് ആർട്ടിസ്റ്റ്
2. നൃത്തരംഗങ്ങളിൽ അഭിനയിച്ചവർ
3. ഗായകൻ/ഗായിക
4. സംഗീത സംവിധായൻ
5. നൃത്തസംവിധായകൻ
6. കൊറിയോഗ്രാഫർ
7. തിരക്കഥാകൃത്ത്
8. ഗാനരചയിതാവ്

**സാങ്കേതികജ്ഞർ**

1. സംവിധായകൻ/സഹസംവിധായകൻ
2. ക്യാമറാമാൻ/അ ോസിയേറ്റ് ക്യാമറാമാൻ/ക്യാമറാ അസിസ്റ്റന്റ്/ലൈറ്റ്മാൻ
3. എഡിറ്റർ/അസോസിയേറ്റ് എഡിറ്റർ/അസിസ്റ്റന്റ് എഡിറ്റർ
4. കലാസംവിധായകൻ
5. മേക്കപ്പ്മാൻ/കേശാലങ്കാരക്കാരൻ, കോസ്റ്റ്യൂം ഡിസൈനർ, കോസ്റ്റ്യൂമർ, കോസ്റ്റ്യൂ അസിസ്റ്റന്റ്
6. ശബ്ദലേഖകനും അസിസ്റ്റന്റും
7. ലാബ്ടെക്നീഷ്യന്മാർ
8. ആനിമേഷൻ വിഭാഗത്തിലും സ്പെഷ്യൽ ഇഫക്ട്സ് ടെക്നീഷ്യൻ വിഭാഗത്തിലും പ്രവർത്തിച്ചിരുന്നവർ
9. സൗ ഇഫക്ട്സ് സാങ്കേതികജ്ഞർ പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്/പ്രൊഡക്ഷൻ മാനേജർ/ പ്രൊഡക്ഷൻ അസിസ്റ്റന്റ്/നിർമ്മാതാവ്(മൂന്നിൽ കുറയാതെ സിനിമ നിർമ്മിച്ചവർ)

**4.** (1) 50(അൻപത്) വയ ിൽ കൂടുതൽ പ്രായമുള്ളവരും പ്രതിവർഷവരുമാനം 12,000/-(പന്ത്രായിരം) രൂപയിൽ കവിയാത്തവരും ആയ സിനിമാ കലാകാരന്മാർക്ക് പെൻഷന് അപേക്ഷിക്കാവുന്നതാണ്.

(2) കലാകാരന്മാർക്കും, സാങ്കേതികജ്ഞർക്കും പെൻഷൻ അനുവദിക്കുമ്പോൾ ഭാര്യയും ഭർത്താവും ആ വിഭാഗത്തിൽപ്പെടുന്നുവെങ്കിൽ രുപേർക്കും മറ്റ് നിബന്ധനകൾക്ക് വിധേയമായി പെൻഷൻ അനുവദിക്കാവുന്നതാണ്. ആശ്രിതരാണെങ്കിൽ ഒരു കുടുംബത്തിൽ ഒന്നിൽ കൂടുതൽപേർക്ക് ഒരേ സമയം പെൻഷന് അർഹത ഉായിരിക്കുകയില്ല.

(3) സിനിമാരംഗത്തെ സംഭാവന സാക്ഷ്യപ്പെടുത്തുന്നതിന് താഴെപറയുന്നവയിൽ ഏതെങ്കിലും ഒന്ന് അപേക്ഷയോടൊപ്പം നൽകിയിരിക്കണം.

1. ബന്ധപ്പെട്ട സിനിമ സംവിധായകരുടെ സാക്ഷ്യപത്രം
2. ബന്ധപ്പെട്ട നിർമ്മാതാവിന്റെ സാക്ഷ്യപത്രം
3. സെൻസർ ബോർഡ് സർട്ടിഫിക്കേറ്റുകൾ
4. ടൈറ്റിൽസ്
5. അംഗീകൃത ചലച്ചിത്ര സംഘടനകളുടെ സർട്ടിഫിക്കേറ്റുകൾ

മേൽപറഞ്ഞവയുടെ അഭാവത്തിൽ അക്കാദമി സെക്രട്ടറിയും ചെയർമാനും സംയുക്തമായി അർഹത തീരുമാനിക്കേതാണ്.

കുറിപ്പ് :-

1. പ്രായപൂർത്തിയായ മക്കളുടെ വരുമാനവും കുടുംബ പെൻഷനും/സിനിമാ കലാകാര പെൻഷനനും ഒഴികെ കുടുംബത്തിലെ മറ്റെല്ലാ അംഗങ്ങളുടെയും ചേർത്തുള്ള യഥാർത്ഥ വരുമാനമായിരിക്കും പ്രതിവർഷ കുടുംബ വരുമാനമായി കണക്കാക്കപ്പെടുന്നത്.

2. കുടുംബ വരുമാനം കണക്കാക്കുന്നതിന് സർക്കാരിൽ നിന്നും(കേന്ദ്രസർക്കാർ ഉൾപ്പെടെ) ലഭിക്കുന്ന എല്ലായിനം പെൻഷനും കണക്കിലെടുക്കേതാണ്. എന്നാൽ സ്വാതന്ത്ര്യസമര സേനാനികളുടെ പെൻഷൻ വരുമാനം കണക്കാക്കുന്നതിന് ഉൾപ്പെടുത്തുന്നതല്ല.

3. വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ആഫീസറുടെ സർട്ടിഫിക്കേറ്റും ജനനത്തീയതി തെളിയിക്കുന്ന രേഖ ഗസറ്റഡ് ഓഫീസറെക്കൊ് സാക്ഷ്യപ്പെടുത്തിയും അപേക്ഷയോടൊപ്പം ഹാജരാക്കേതാണ്.

4. എല്ലാ വർഷവും ഡിസംബർ മാസത്തിൽ പെൻഷൻകാർ തങ്ങൾ ജീവിച്ചിരിക്കുന്നു എന്നുള്ളതിന് ഒരു ഗസ്റ്റഡ് ഓഫീസറിൽ നിന്നും ലൈഫ് സർട്ടിഫിക്കേറ്റ് വാങ്ങി പെൻഷൻ വാങ്ങുന്ന ബാങ്കിൽ സമർപ്പിക്കേതാണ്. എന്നാൽ മാത്രമേ അടുത്ത ജനുവരി മാസം മുതൽ പെൻഷൻ വിതരണം ഉാവുകയുള്ളു.

5. ഈ ചട്ടത്തിന്റെ ആവശ്യത്തിന് താഴെ പറയുന്ന ആളുകളെ കുടുംബാംഗങ്ങളായി കരുതപ്പെടുന്നതാണ്.

1. വിധവ/വിഭാര്യൻ
2. പിതാവ്
3. മാതാവ്
4. അവിവാഹിതയായ പുത്രി
5. പ്രായപൂർത്തിയാകാത്ത പുത്രൻ

5. ഈ ധനസഹായം ആജീവനാന്ത കാലത്തേക്ക് 1000/-(ആയിരം) രൂപവീതം പ്രതിമാസ പെൻഷൻ രൂപത്തിൽ നൽകുന്നതാണ്. പെൻഷൻ ലഭിച്ചു തുടങ്ങിയാൽ അവരുടെ വരുമാനത്തിൽ മാറ്റം സംഭവിച്ചാൽ ആ വിവരം യഥാസമയം അക്കാദമിയെ അറിയിക്കേതാണ്. ഈ സ്വയം പ്രഖ്യാപനം വീഴ്ച കൂടാതെ ..................... രൂപയുടെ മുദ്രപത്രത്തിൽ എഴുതി സമർപ്പിക്കേത് പെൻഷൻകാരുടെ ഉത്തരവാദിത്വമാണ്. ഈ പ്രഖ്യാപനം ന്യായമാണെന്ന് ചലച്ചിത്രഅക്കാദമിക്ക് ബോധ്യപ്പെടേതാണ്.

6. അനാരോഗ്യം മൂലമോ പ്രായാധിക്യം മൂലമോ തൊഴിൽ രഹിതരായ കലാകാരന്മാർക്കാണ് പെൻഷന് അർഹത. അനാരോഗ്യം കാരണം തൊഴിൽ രഹിതരായവർക്ക് 50 വയ ് പൂർത്തിയായിരിക്കണമെന്ന നിബന്ധനയിൽ ഇളവുനൽകാവുന്നതാണ്. എന്നാൽ അനാരോഗ്യം കാരണം ജോലി നഷ്ടപ്പെട്ടതാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കേറ്റ് മെഡിക്കൽ ബോർഡിൽ നിന്നും വാങ്ങി ഹാജരാക്കേതാണ്.

7. (1) മരണമടഞ്ഞ കലാകാരന്മാരുടെ കുടുംബാംഗങ്ങളായ ആശ്രിതർക്കുള്ള ധനസഹായം താഴെ പറയുന്ന മുൻഗണനാ ക്രമത്തിൽ നൽകുന്നതായിരിക്കും.

1. വിധവ/വിഭാര്യൻ
2. മാതാവ്
3. പിതാവ്
4. അവിവാഹിതയായ(ജോലിലഭിക്കാത്ത) പുത്രി
5. തൊഴിൽ രഹിത പുത്രൻ(25 വയ ുവരെ)

(2). 1. വിധവയും വിഭാര്യനും പുനർവിവാഹം നടത്തിയാൽ പെൻഷൻ നിർത്തലാക്കുന്നതാണ്.

2. അവിവാഹിതയായ പുത്രി വിവാഹം കഴിച്ചാൽ ധനസഹായം നിർത്തലാക്കുന്നതാണ്.

3. തൊഴിൽ രഹിതനായ പുത്രന് നൽകുന്ന ധനസഹായം 25 വയ ് പൂർത്തിയാകുന്ന മുറയ്ക്ക് നിർത്തലാക്കുന്നതാണ്.

(3). ആശ്രിതർ എന്ന നിലയിൽ പെൻഷൻ വാങ്ങുന്നവർ(വിധവ/വിഭാര്യൻ) പുനർവിവാഹം കഴിച്ചാൽ അക്കാര്യം ഏഴ് ദിവസത്തിനകം അക്കാദമിയേയും പെൻഷൻ വാങ്ങുന്ന ബ ാങ്കിനേയും സ്വയം പ്രഖ്യാപനത്തിലൂടെ അറിയിക്കുകയും തുടർന്ന് പെൻഷൻ വാങ്ങുന്നത് നിർത്തുകയും ചെയ്യേതാണ്.

അതുപോലെ ആശ്രിതരെന്ന നിലയിൽ പെൻഷൻ വാങ്ങുന്ന മകളും വിവാഹിതയായാൽ ആ വിവരം ഏഴ് ദിവസത്തിനകംതന്നെ അറിയിക്കേതും തുടർന്ന് പെൻഷൻ വാങ്ങാതിരിക്കുകയും ചെയ്യേതാണ്.

പുനർവിവാഹമോ, വിവാഹമോ ആയിട്ടില്ലെങ്കിൽ ആ വിവരം കൂടി ആുതോറും സമർപ്പിക്കുന്ന ലൈഫ് സർട്ടിഫിക്കറ്റിനോടൊപ്പം അറിയിക്കേതാണ്.

8. അനുമതി നൽകിയിരുന്നത് തെറ്റായ കാരണങ്ങളിൻ മേലാണെന്നോ അല്ലെങ്കിൽ പെൻഷൻകാരന്റെ സാമ്പത്തിക സ്ഥിതി പിന്നീട് മെച്ചപ്പെട്ടിട്ടുന്ന് അല്ലെങ്കിൽ പെൻഷൻ വാങ്ങിയത് തെറ്റായ വിവരങ്ങൾ നൽകി കബളിപ്പിച്ചിട്ടാണെന്നോ ഏതെങ്കിലും സമയത്ത് തെളിയുന്ന പക്ഷം അനുവദിച്ച പെൻഷൻ റദ്ദാക്കുന്നതാണ്.

9. ചലച്ചിത്ര അക്കാദമി സെക്രട്ടറി പെൻഷൻ അനുവദിക്കുന്നതിന് അർഹതയുള്ള അധികാരിയായിരി ക്കുന്നതാണ്.

10. ധനസഹായം അനുവദിക്കാനുള്ള അപേക്ഷ അനുബന്ധം 1-ലെ ഫാറത്തിലായിരിക്കേതും അതോടൊന്നിച്ച് ഒന്നുകിൽ തഹസീൽദാരുടെ പദിവിക്കു താഴെയല്ലാത്ത ഒരു റവന്യൂ ഉദ്യോഗസ്ഥനിൽ നിന്നോ അല്ലെങ്കിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസറിൽ നിന്നോ അനുബന്ധം 2-ലെ ഫാറത്തിൽ ഒപ്പിട്ട ഒരു റിപ്പോർട്ടോടുകൂടി അയയ്ക്കേതുമാണ്. അപേക്ഷ സെക്രട്ടറി, ചലച്ചിത്ര അക്കാദമി, മണിഭവൻ, ശാസ്തമംഗലം എന്ന വിലാസത്തിൽ അയയ്ക്കേതാണ്.

11. പെൻഷൻ ഓരോ മാസവും ബാങ്ക് വഴി ലഭ്യമാക്കുന്നതാണ്. മൂന്നു മാസത്തിൽ കൂടുതൽ കാലത്തേക്ക് മേൽവിലാസത്തിൽ മാറ്റം വരുന്ന പക്ഷം ചലച്ചിത്ര അക്കാദമി സെക്രട്ടറിയെ പെൻഷൻകാരൻ അറിയിക്കേതാണ്.

12. ഏതെങ്കിലും കാരണം കാണിക്കാതെ പെൻഷൻ അവസാനിപ്പിക്കാനുള്ള അവകാശം ചലച്ചിത്ര അക്കാദമി സെക്രട്ടറിക്ക് ഉായിരിക്കുന്നതാണ്.

## *അവശ ചലച്ചിത്ര കലാകാരന്മാർക്കുള്ള ചികിത്സാ ധനസഹായം.*

അക്കാദമി പരമാവധി 25000/-രൂപ വരെ ചികിത്സാധനസഹായമായി/സാമ്പത്തികധനസഹായമായി അവശതയനുഭവിക്കുന്ന ചലച്ചിത്ര കലാകാരന്മാർക്ക് നൽകുന്നു. 2003-ലാണ് ഇത് ഏർപ്പെടുത്തിയത്. ഇത് സർവ്വീസ്ചാർജ്ജിൽ നിന്നും അക്കാദമിക്ക് ലഭിക്കുന്ന തുകയിൽനിന്നാണ് നൽകിവരുന്നത്.

## ***സർവ്വീസ്ചാർജ്ജ്***

നമ്പർ.ജി.ഒ(എം.എസ്)12/99/സി.എ.ഡി തീയതി 25/02/1999 എന്ന സർക്കാർ ഉത്തരവ് പ്രകാരമാണ് ചലച്ചിത്ര അക്കാദമിക്ക് സിനിമാ തിയേറ്ററുകളിൽ നിന്നും സർവ്വീസ്ചാർജ്ജ് ഈടാക്കാനുള്ള അനുമതി നൽകിയത്. ഇത് അവശതയനുഭവിക്കുന്ന സിനിമാകലാകാരന്മാർക്ക് പെൻഷൻ നൽകുന്നതിനും സാമ്പ ത്തികസഹായം/ചികിത്സാധനസഹായം നൽകുന്നതിനുമായി ഉപയോഗിക്കുന്നു. തിയേറ്ററുകളെ അവ യുടെ കളക്ഷന്റെ അടിസ്ഥാനത്തിൽ 7 സ്ലാബുകളായിട്ടാണ് തിരിച്ചിരിക്കുന്നത്. സ്ലാബുകളുടെ വിവരങ്ങൾ ചുവടെചേർക്കുന്നു -

1. Releasing Theaters with A/c - Rs.25,000/- / year
2. Releasing Theaters without A/c - Rs.20,000/- / year
3. Mini Releasing Theaters with A/c - Rs.15,000/- / year

4. Releasing Theaters occasionally - Rs.10,000/- / year

5. Non Releasing Permanent Theaters - Rs.5,000/- / year

6. Non Releasing Semi-Permanent Theaters - Rs.3,000/- / year

7. Temporary Theaters - Rs.2,000/- / year

## *ജെ.സി.ദാനിയേൽ അവാർഡ് നിർണ്ണയവും വിതരണവും*

ചലച്ചിത്രമേഖലയ്ക്ക് നൽകിയിട്ടുള്ള സമഗ്രസംഭാവനകളെ മാനിച്ച് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണിത്. 1992 മുതലാണ് അക്കാദമി ജെ.സി.ഡാനിയേൽ അവാർഡ് വിതരണം ആരംഭിച്ചത്. ഇതു വരെ 15 പേർക്ക് അവാർഡ് വിതരണം ചെയ്തിട്ടു്. ഒരു ലക്ഷം രൂപയും സർട്ടിഫിക്കേറ്റുമാണ് അവാർഡ്. സർക്കാർ തീരുമാനിക്കുന്ന ഒരു കമ്മിറ്റിയാണ് അവാർഡ് ജേതാവിനെ നിർണ്ണയിക്കുന്നത്.

ജെ.സി.ദാനിയേൽ അവാർഡ് നേടിയവരുടെ പേര് വിവരം ചുവടെ കൊടുക്കുന്നു.

1992 ടി.ഇ.വാസുദേവൻ

1993 തിക്കുറിശ്ശി സുകുമാരൻ നായർ

1994 പി.ഭാസ്കരൻ

1995 അഭയദേവ്

1996 എ.വിൻസെന്റ്

1997 കെ.രാഘവൻ

1998 വി.ദക്ഷിണാമൂർത്തി

1999 ജി.ദേവരാജൻ

2000 കൃഷ്ണൻ നായർ

2001 പി.എൻ.മേനോൻ

2002 കെ.ജെ.യേശുദാസ്

2004 മധു

2005 ആറന്മുള പൊന്നമ്മ

2006 മങ്കട രവിവർമ്മ

2007 ഡോ.പി.രാമദാസ്

## *ആർക്കൈവ്സ്*

അക്കാദമി ആർക്കൈവ്സിൽ പഴയ മലയാളം സിനിമകളുടെ നാല്പ്പത്തിയേഴ് 35 എം.എം പ്രിന്റുകൾ സൂക്ഷിച്ചിട്ടു്. ലോക-ഇന്ത്യൻ ക്ലാ ിക് സിനിമകളുടെ ഒരു വൻശേഖരമുാക്കുകയും അത് കേരളത്തിലെ പ്രേക്ഷകർക്ക് ലഭ്യമാക്കുകയും ചെയ്യുക, സിനിമാ-ദൃശ്യമാധ്യമരംഗത്തെ ഗവേഷണ പഠനങ്ങൾക്ക് പ ിന്തുണ നൽകുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് അക്കാദമി ആർക്കൈവ്സും അതോടൊപ്പം ഗ്രന്ഥ ശാലയും വിഭാവനം ചെയ്തിട്ടുള്ളത്. പ്രാരംഭ ദശയിലാണെങ്കിലും ചുരുങ്ങിയ കാലത്തിനുള്ളിൽ ലോക ക്ലാ ിക്കുകളുടെ 773 ഡി.വി.ഡി/വി.എച്ച്.എ്/സി.ഡി കളും കൂടാതെ ഫിലിം ഫെസ്റ്റിവൽ പ്രിവ്യൂവിന് വേി വന്നിട്ടുള്ള 2281 ഡി.വി.ഡി/വി.എച്ച്.എ്/സി.ഡി കളും അക്കാദമി ആർക്കൈവ്സിൽ ു്.

## *ഫിലിം ലൈബ്രറി*

ആർക്കൈവ്സിന് അനുബന്ധമായി ചലച്ചിത്ര സംബന്ധിയായ മൂവായിരത്തിലധികം പുസ്തകങ്ങളുമായി ഒരു ലൈബ്രറിയും പ്രവർത്തിക്കുന്നു്. പുസ്തകങ്ങൾക്കു പുറമേ ആനുകാലികങ്ങളും ഈ ശേഖരത്തിലു്. ലൈബ്രറിയിൽ വരുന്നവർക്ക് റഫറൻസിന് ഇത് ലഭ്യമാണ്. ചലച്ചിത്ര ഗവേഷണ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതിന്റെ മുഖ്യലക്ഷ്യം. ആർക്കൈവ്സിലുള്ള സിനിമകളും വീഡിയോ ചിത്രങ്ങളുമാണ് അക്കാദമി കേരളത്തിലുടനീളം പ്രദർശിപ്പിക്കുന്നത്. ഗവേഷണ/പഠന വിദ്യാർത്ഥികൾക്കായി അക്കാദമിയിൽ ഹോം തീയേറ്റർ സിസ്റ്റവും ഒരുക്കിയിട്ടു്.

## *ഫെലോഷിപ്പും റിസേർച്ചും*

അന്തർദേശീയ തലത്തിൽ തന്നെ വളരെയധികം ശ്രദ്ധ പിടിച്ചു പറ്റിയ മലയാള സിനിമയെക്കുറിച്ച് ഗൗരവമായ പഠന ഗവേഷണങ്ങൾ ഇനിയും ഉാകേിയിരിക്കുന്നു. മലയാള സിനിമയുടെ വിവിധതലങ്ങളെ സ്പർശിക്കുന്ന പഠനങ്ങൾക്ക് പ്രോത്സാഹനം നൽകാനുള്ള അക്കാദമിയുടെ ശ്രമമായാണ് ഇതിനെ കാണുന്നത്. ഈ ഫെലോഷിപ്പിനായി തിരഞ്ഞെടുക്കുന്ന വ്യക്തികൾക്ക് അക്കാദമിയുടെ അക്കാദമിക് കൗൺസിൽ മാർഗ്ഗരേഖയും നൽകുന്നു. ഓരോ വർഷവും ഇതിനായി അഞ്ച് പേരെ വീതം തെരഞ്ഞെടുക്കുന്നു. 18,000/- രൂപയാണ് ഫെലോഷിപ്പ് തുകയായി നൽകുന്നത്.

## *ടൂറിംഗ് ടാക്കീസ്*

2003-ൽ അക്കാദമി ڊടൂറിംഗ് ടാക്കീസ്ത്സ എന്ന പേരിൽ ഏർപ്പെടുത്തിയിരിക്കുന്ന സഞ്ചരിക്കുന്ന ചലച്ചിത്രമേള സിനിമാ പ്രദർശനങ്ങൾ നടത്തിവരുന്നു. സർവ്വകലാശാലകളുമായി സഹകരിച്ച് കലാലയങ്ങളിൽ ഇത്തരം മേളകൾ സംഘടിപ്പിക്കുന്നു. കേരളത്തിലെ വിവിധ ഫിലിം സൊസൈറ്റികളുമായി സഹകരിച്ചും സിനിമാ പ്രദർശനം നടത്തി വരുന്നു. അക്കാദമിയിലെ ഡി.വി.ഡി ശേഖരത്തിൽ നിന്നുള്ള സിനിമകൾ ഇതിനായി ഉപയോഗിക്കുന്നു. അക്കാദമിയിൽ നിശ്ചിത തുക അടച്ച് ഈ ടൂറിംഗ് ടാക്കീസ് സംവിധാനം ഉപയോഗിക്കാവുന്നതാണ്.

## *ചലച്ചിത്ര നിർമ്മാണം*

സൗത്ത് സോൺ കൾച്ചറൽ സെന്ററിന്റെ സാമ്പത്തിക സഹായത്തോടെ ചലച്ചിത്ര അക്കാദമി സിനിമാ നിർമ്മാണരംഗത്തും ചുവടുവച്ചിരിക്കുകയാണ്. ഇതിനോടകം തന്നെ മൂന്ന് ഡോക്യുമെന്ററികൾ പൂർത്തിയാക്കിക്കഴിഞ്ഞു.

1. ദേവനർത്തകൻ - പ്രശസ്ത തെയ്യം കലാകാരൻ ശ്രീ. കണ്ണപ്പെരുവണ്ണാന്റെ ജീവചരിത്രം. (കഥേതര വിഭാഗത്തിൽ 2000-ത്തിലെ ഏറ്റവും നല്ല ചിത്രത്തിനുള്ള ദേശീയ അവാർഡ് നേടിയിട്ടു്.)
2. ശ്രീ.കെ.ടി.മുഹമ്മദ് - പ്രശസ്ത നാടകാചാര്യനായ ശ്രീ.കെ.ടി.മുഹമ്മദിന്റെ ജീവിതത്തേയും അദ്ദേഹത്തിന്റെ സർഗ്ഗ സൃഷ്ടികളെയും പറ്റിയുള്ള അന്വേഷണമാണ് ഈ ചിത്രം.
3. ശ്രീ.പൊൻകുന്നം വർക്കി - പ്രശസ്ത എഴുത്തുകാരനായ ശ്രീ. പൊൻകുന്നം വർക്കിയുടെ രചനകളേയും ജീവിതത്തേയും ആധാരമാക്കിയുള്ള ചിത്രം.
4. ലാസ്യ കേരളത്തിന്റെ തനതുകലയായ മോഹിനിയാട്ടത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി.

*അക്കാദമി പ്രസിദ്ധീകരണങ്ങൾ*

ഓരോ വർഷവും അന്തർദേശീയ ചലച്ചിത്രമേള, പനോരമ ചലച്ചിത്രോത്സവം, മറ്റു ചലച്ചിത്രോത്സവ ങ്ങൾ തുടങ്ങി അക്കാദമി നടത്തുന്ന പരിപാടികളോടനുബന്ധിച്ച് ഫെസ്റ്റിവൽ ബുക്കുകൾ, ഇൻഫർമേഷൻ ബ്രോഷറുകൾ, ഡെയ്‌ലി ബുള്ളറ്റിനുകൾ എന്നിവ പ്രസിദ്ധീകരിക്കുന്നു. സമാന്തരസിനിമയുടെ പ്രേക്ഷകന് മുതൽക്കൂട്ടാകും വിധമാണ് ഇവ ചിട്ടപ്പെടുത്തിയിട്ടുള്ളത്. പുറമേ അക്കാദമി ഇതിനകം താഴെപ്പറയുന്ന ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചു കഴിഞ്ഞു.

1. കെ.രാഘവൻ - ജീവിതരേഖ
2. എം.ടി.ഒരനുയാത്ര
3. പ ോളിനീസ് ഫിലിം തീയറീസ് ആന്റ് പ്രാക്ടീസ് - എ സേർട്ടൻ റിയലിസം
4. സലാം കാരശ്ശേരി
5. ദേവരാഗങ്ങളുടെ രാജശില്പി
6. ഋത്വിക് ഘട്ടക്
7. മായാത്ത സ്മൃതിചിത്രങ്ങൾ
8. എം.കൃഷ്ണൻനായർ - ഇന്നലെകളുടെ വസന്തം
9. പി.എൻ.മേനോൻ - കാഴ്ചയെ പ്രണയിച്ച കലാപം
10. ദേവസംഗീതം - ഡോ. കെ.ജെ.യേശുദാസ്
11. മധു - സിനിമയിലെ മാധവം
12. ആറന്മുള പൊന്നമ്മ -
13. മങ്കട രവിവർമ്മ -
14. ഡോ.പി.രാമദാസ് - വിദ്യാർത്ഥിയുടെ വഴി

ഓരോ വർഷത്തേയും സിനിമാ, ടെലിവിഷൻ അവാർഡുവിതരണത്തോടുമൊപ്പം അക്കാദമി പ്ര സിദ്ധീകരിക്കുന്ന അവാർഡുപതിപ്പുകളിൽ അതാതു വർഷത്തെ അവാർഡു ജേതാക്കൾ, ജൂറി, ചിത്രങ്ങൾ ജൂറി പരാമർശം എന്നിവയെപ്പറ്റിയുള്ള മുഴുവൻ വിവരങ്ങളും ഉൾക്കൊള്ളിക്കുന്നു.

*അക്കാദമി വെബ്സൈറ്റ്*

www.keralafilm.com എന്ന വെബ്സൈറ്റിൽ നിന്നും അക്കാദമിയുടെ വിവരങ്ങൾ ലഭ്യമാണ്.

*സിനിമാ മ്യൂസിയം*

മലയാള ചലച്ചിത്രത്തിന്റെ ഉത്ഭവവും വളർച്ചയും പ്രതിഫലിപ്പിക്കുന്ന വസ്തുക്കളും അവയുടെ ചരിത്ര പശ്ചാത്തലവും വെളിപ്പെടുത്തുന്ന രീതിയിലാണ് അക്കാദമി സിനിമാ മ്യൂസിയം വിഭാവനം ചെയ്തിട്ടുള്ളത്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി 450-തിലേറെ നിശ്ചലഛായാചിത്രങ്ങൾ അക്കാദമി പ്ര ദർശിപ്പിച്ചു വരുന്നു. 2003-ൽ മഞ്ചേരി, ആലപ്പുഴ, തിരുവനന്തപുരം എന്നിവിടങ്ങളിൽ ആഴ്ചകളോളവും ജില്ലാ കേന്ദ്രങ്ങളിൽ മൂന്നു ദിവസം വീതവും അക്കാദമി ഈ പ്രദർശനം സംഘടിപ്പിച്ചു.

*മറ്റു ഫെസ്റ്റിവലുകൾ*

*1. ഇന്റർനാഷണൽ വീഡിയോ ഫെസ്റ്റിവൽ*

ഇൻഡ്യയിലാദ്യമായി കേരളത്തിൽ അന്തർദേശീയ വീഡിയോ ഫിലിം ഫെസ്റ്റിവലിന് 2007-08 ൽ തുടക്കമായി. ഇതിൽ 40 മിനിട്ടുവരെ ദൈർഘ്യമുള്ള ഡോക്യുമെന്ററികൾ, ഹ്രസ്വ ഡോക്കുമെന്ററികൾ, 70 മിനിട്ടിനു താഴെ സമയദൈർഘ്യമുള്ള വീഡിയോ സിനിമകൾ, പൊതു താല്പര്യം ജനിപ്പിക്കുന്ന ന

1മിഷങ്ങൾ മാത്രം ദൈർഘ്യമുള്ള ചിത്രങ്ങൾ, സംഗീത പ്രധാനമായ വീഡിയോകൾ, ആനിമേഷൻ ചിത്രങ്ങൾ, വിദ്യാർത്ഥികളുടെ ഉദ്യമങ്ങൾ എന്നിങ്ങനെ വൈവിധ്യമാർന്ന ഒരു ദൃശ്യാനുഭവങ്ങളാണ് ആസൂത്രണം ചെയ്തത്. ഇതോടനുബന്ധിച്ച് സെമിനാറുകൾ, ഓപ്പൺ ഫോറങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. വരും വർഷങ്ങളിൽ അന്തർദേശീയ തലത്തിലും ദേശീയ തലത്തിലും സംസ്ഥാന തലത്തിലും പ്രത്യേകം പ്രത്യേകം അവാർഡുകൾ നിർണ്ണയിച്ചു നൽകാനാണ് ആലോചിക്കുന്നത്.

മത്സരവിഭാഗത്തിൽ ദേശീയ തലത്തിൽ നിർമ്മിക്കപ്പെട്ട ഡോക്കുമെന്ററികൾ, ഷോർട്ട് ഡോക്യുമെന്ററികൾ, ഷോർട്ട് ഫിക്ഷൻ, ആനിമേഷൻ എന്നീ വിഭാഗങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്.

മികച്ച ഡോക്യുമെന്ററിക്ക് ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവുമാണ് അവാർഡ്. ഷോർട്ട് ഡോക്യുമെന്ററി, ഷോർട്ട് ഫിക്ഷൻ, ആനിമേഷൻ വിഭാഗങ്ങളിലെ മികച്ച സൃഷ്ടികൾക്ക് 50,000/- രൂപയും പ്രശസ്തി പത്രവും വീതം സമ്മാനമായി ലഭിക്കും.

***2. ദേശീയ ചലച്ചിത്ര മേള***

2003 മുതൽ ദേശീയ ചലച്ചിത്ര മേള സംഘടിപ്പിച്ചുവരുന്നു. ഓരോതവണയും ഓരോ ജില്ലയിൽ സംഘടിപ്പിക്കുകയാണ് ലക്ഷ്യം. റിലീസ് ചെയ്യപ്പെടാത്തതുമൂലം കാണാൻ കഴിയാത്ത വിവിധ ഭാഷകളിലുള്ള ഇന്ത്യൻ ചിത്രങ്ങൾ പ്രദർശിപ്പിക്കുകയാണ് മേളയുടെ ലക്ഷ്യം.

***3. സ്പാനിഷ് ഫിലിം ഫെസ്റ്റിവൽ***

കേരള ഗവൺമെന്റിന്റെയും സ്പാനിഷ് ഗവൺമെന്റിന്റെയും സാംസ്കാരിക വകുപ്പുകളുടെ സാംസ്കാരിക വിനിമയ പരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയും കസ ഡെ ലാ ഇൻഡ്യയും (ഹൗസ് ഓഫ് ഇൻഡ്യ, വലഡോലിഡ്, സ്പെയിൻ) സംയുക്തമായി സംഘടിപ്പിക്കുന്ന സ്പാനിഷ് ഫിലിം ഫെസ്റ്റിവൽ 2008 -ൽ തിരുവനന്തപുരത്തുവെച്ച് സംഘടിപ്പിച്ചു.

സിനിമയുടേയും ടൂറിസത്തിന്റേയും സാധ്യതകൾ പരസ്പര സഹകരണത്തോടെ വിപുലപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് സാംസ്കാരിക വിനിമയ പരിപാടി രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതിന് സമാന്തരമായി സ്പെയിൻവെച്ച് മലയാളചിത്രങ്ങളുടെ ഒരു ഫെസ്റ്റിവൽ 2008 ൽ സ്പാനിഷ് ഗവൺമെന്റ് സംഘടിപ്പിച്ചു.

*4. യൂറോപ്യൻ യൂണിയൻ ഫിലിം ഫെസ്റ്റിവൽ*

അക്കാദമി നടപ്പാക്കുന്ന യൂറോപ്യൻ സിനിമകളുടെ 4 ദിവസം നീുനിൽക്കുന്ന ഒരു ചലച്ചിത്രോത്സവമാണിത്. ഇതിന്റെ സ്ഥിരം വേദിയായി തീരുമാനിച്ചിരിക്കുന്നത് കോഴിക്കോടാണ്. സാംസ്കാരിക വകുപ്പുകളുടെ സാംസ്കാരിക വിനിമയ പരിപാടിയുടെ ഭാഗമായിട്ടാണ് ഇത് നടപ്പിലാക്കുന്നത്.

*സി.ഡി.റോം*

മലയാള സിനിമയുടെ വികാസപരിണാമങ്ങൾ വിശദമായി രേഖപ്പെടുത്തിയ സി.ഡി.റോം അക്കാദമി പുറത്തിറക്കി. സിനിമാസ്വാദനവുമായി ബന്ധപ്പെട്ട മറ്റൊരു സി.ഡി.റോമിന്റെ നിർമ്മാണപ്രവർത്തനം നടന്നുകൊിരിക്കുന്നു.

*ഇന്റർനാഷണൽ ഫിലിം സെന്റർ*

ചലച്ചിത്ര അക്കാദമിയുടെ ആർക്കൈവ്സ്, മ്യൂസിയം എന്നിവയുടെ വിപുലീകരണത്തിന്റെ ഭാഗമായി കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്കിൽ ര് ഏക്കർ സ്ഥലം വാങ്ങി ഇന്റർനാഷണൽ ഫിലിം സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രാരംഭനടപടികൾ ഉടനെ ആരംഭിക്കും.മലയാള സിനിമയുടെ സമഗ്ര വികസനത്തിന് സഹായകമാവുന്ന ഈ സെന്റർ രാജ്യാന്തര നിലവാരമുള്ള സംരംഭമായിരിക്കും.

***ചലച്ചിത്രാസ്വാദന കോഴ്സ്***

അദ്ധ്യാപകർ, വിദ്യാർത്ഥികൾ, സിനിമയിൽ താല്പര്യമുള്ള മറ്റുള്ളവർക്കുമായി അക്കാദമി ശാസ്ത്രീ

യമായി ചിട്ടയോടെ സംഘടിപ്പിക്കുന്ന കോഴ്സാണിത്. മാക്ട, കെ.എസ്.എഫ്.ഡി.സി, കിൻഫ്ര തുടങ്ങിയ സംഘടനകളുമായി സഹകരിച്ച് സാങ്കേതിക സ്വഭാവമുള്ള വർക്ക്ഷോപ്പുകളും സംഘടിപ്പിച്ചു വരുന്നു. കേരളത്തിലെ എല്ലാ കോളേജ് കാമ്പസുകളിലും സ്കൂളുകളിലും ചലച്ചിത്രാസ്വാദനവും മാധ്യമ പഠനവും ചലച്ചിത്ര പ്രദർശനവും സാധ്യമാക്കിക്കൊണ്ട് ആരോഗ്യകരമായ ഒരു പുതിയ ദൃശ്യസംസ്കാരത്തെ രൂപപ്പെടുത്തുന്നതിന് ഇത് ഉപകരിക്കുന്നു.

***(a) കുട്ടികൾക്കായുള്ള ചലച്ചിത്രാസ്വാദന കോഴ്സ്***

സ്കൂൾ കുട്ടികളുടെ തലത്തിൽത്തന്നെ ഫലപ്രദവും ദീർഘദൃഷ്ടിയോടുകൂടിയതുമായ ഒരു പഠന അവബോധ ആസ്വാദന പദ്ധതി രൂപീകരിച്ച് വ്യാപകമായ തോതിൽ നടപ്പിലാക്കുക എന്നതാണ് അക്കാദമിയുടെ ഉദ്ദേശം. യുദ്ധവിരുദ്ധമായ ആശയങ്ങൾ കുട്ടികൾക്ക് പകർന്ന് കൊടുക്കാൻ സിനിമപോലെ പ്രധാനപ്പെട്ട മറ്റൊരു മാധ്യമം ഇല്ലതന്നെ. സാമൂഹിക ശാസ്ത്രം, ഭൂമിശാസ്ത്രം, ചരിത്രം, ഭാഷകൾ, കലകൾ, ഗണിതം, സാങ്കേതിക ശാസ്ത്രം, ആർക്കിടെക്ച്ചർ, പ്രകൃതിശാസ്ത്രം, വിനോദസഞ്ചാരം, സാക്ഷരത, വാർത്താവ്യാപനം, സ്നേഹം എന്നീ പാഠ്യവിഷയങ്ങളുമായി സുഘടിതമായ ബന്ധങ്ങളുള്ള ഒരു ഇന്റർഡിസിപ്ലിനറി കരിക്കുലം തന്നെ സിനിമയുടെ ആഴത്തിലുള്ള പരിചയപ്പെടുത്തലിലൂടെ സാധ്യമാവും. സിനിമ രസിപ്പിക്കുകയും വികാരംകൊള്ളിക്കുകയും ചെയ്യുന്ന കലാരൂപം ആയതുകൊണ്ട് ഒറ്റക്കുട്ടിയെയും വിട്ടുകളയാതെ പഠനത്തിന്റെ ആസ്വാദ്യതയും ലക്ഷ്യനിർവഹണവും പൂർത്തീകരിക്കാനാവും. അവബോധം, സഹിഷ്ണുത, ദേശീയവും സാംസ്കാരികവും മതപരവും ഭാഷാപരവും വ്യക്തിപരവുമായ വൈജാത്യങ്ങളുടെയും വൈവിധ്യങ്ങളുടെയും മനോഹാരിതയെ തിരിച്ചറിയൽ എന്നീ അടിസ്ഥാന മനോഗുണങ്ങൾ കുട്ടികളിൽ വികസിപ്പിച്ചെടുക്കാൻ ഈ മാർഗ്ഗത്തിലൂടെ സാധിക്കും.

കഴിഞ്ഞ ഏതാനും വർഷങ്ങളായി കുട്ടികളുടെ ദൃശ്യാവബോധവും സൗന്ദര്യാസ്വാദന ബോധവും വളർത്തിയെടുക്കുക എന്ന ലക്ഷ്യം വെച്ച് ഒട്ടേറെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

***(b) അദ്ധ്യാപകർക്കു വേയുള്ള ചലച്ചിത്രാസ്വാദന കോഴ്സ്***

വളർന്നു വരുന്ന കുട്ടികൾക്ക് ദൃശ്യമാദ്ധ്യമ സംസ്കാരം പകർന്ന് നൽകാൻ അവർക്ക് വഴികാട്ടികളാകേ അദ്ധ്യാപകരുടെ ദൃശ്യ-ശ്രാവ്യ ബോധവും ദൃശ്യമാദ്ധ്യമങ്ങളുടെ സാദ്ധ്യത സംബന്ധിച്ച അറിവും അത്യന്താപേക്ഷിതമാണ്. ഈ ലക്ഷ്യം മുന്നിൽക്ക് അക്കാദമി സംസ്ഥാന സർവ്വശിക്ഷാ അഭിയാനുമായി സഹകരിച്ച് അദ്ധ്യാപകർക്ക് വേയുള്ള മൂന്ന് ചലച്ചിത്രാസ്വാദന കോഴ്സുകൾ 2007-08 ൽ സംഘടിപ്പിച്ചു. തിരുവനന്തപുരം, തൃശ്ശൂർ, വയനാട് എന്നിവിടങ്ങളിലായി നടന്ന 5 ദിവസം വീതം നീു നിന്ന ഓരോ ക്യാമ്പിലും 50 അദ്ധ്യാപകർ വീതമാണ് പങ്കെടുത്തത്. പരിശീലനം നേടിയ ഒരധ്യാപകനെങ്കിലും ഒരു സ്കൂളിൽ ഉാകണം എന്നാണ് അക്കാദമി ലക്ഷ്യമിടുന്നത്.

***(c) മുതിർന്നവർക്കായുള്ള ചലച്ചിത്രാസ്വാദന കോഴ്സ്***

മുതിർന്നവർക്കായി നടത്തുന്ന ഈ ചലച്ചിത്രാസ്വാദന കോഴ്സിന് നല്ല പ്രതികരണമാണ് ലഭിക്കുന്നത്. ലോക സിനിമകളെ കുറിച്ചുള്ള അറിവ് ലഭിക്കുന്നതിനൊപ്പം അതിന്റെ സാങ്കേതിക വശങ്ങളും മന ിലാക്കികൊടുക്കുന്നു. നല്ല സിനിമയെ മന ിലാക്കാനും തിരിച്ചറിയാനുമുള്ള ഒരു പഠന രീതിയാണ് ഈ ക്യാമ്പിൽ സ്വീകരിക്കുന്നത്.